# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ
# സെൻട്രൽ കൗൺസിൽ

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം -673 636.ഫോൺ: (0494) 2400530,
**website: www.skjmcc.com, Email: skjmccchelari@gmail.com**

## "വിശ്വശാന്തിക്ക് മതവിദ്യ"
## സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ
## 60-ാം വാർഷികം

## 2019 ഡിസംബർ 27, 28, 29
## എറണാകുളം

**60-ാം വാർഷിക പ്രൊജക്ട് കലണ്ടർ**

***ജില്ലാ, റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ, മദ്റസാ ഭാരവാഹികളെയും മറ്റു മുഅല്ലിംകളെയും അറിയിക്കുന്നത്,***

മാന്യരെ, അസ്സലാമു അലൈക്കും

മുസ്‌ലിം സമുദായത്തിന്റെ ആദർശ പ്രസ്ഥാനമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ നൂറാം വാർഷികത്തിന്റെ മുന്നോടിയായി അതിന്റെ ഓരോ കീഴ്ഘടകങ്ങളുടെയും വാർഷികവും നടന്നുവരികയാണ്. സമസ്തയുടെ ജീവൽ പ്രസ്ഥാനമായ മദ്റസാ ഉസ്താദുമാരുടെ കൂട്ടായ്മയായ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ അതിന്റെ അറുപതാം വാർഷികം വിശ്വശാന്തിക്ക് മതവിദ്യ എന്ന പ്രമേയം ഉയർത്തിപ്പിടിച്ചുകൊണ്ട് 2019 ഡിസംബർ വരെ നീണ്ടുനിൽക്കുന്ന ഒരു വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട മഹത്തും ബൃഹത്തുമായ അറുപതിന പദ്ധതി പ്രവർത്തനങ്ങളുമായി സമുചിതം ആഘോഷിക്കാനും സമാപന മഹാസമ്മേളനം എറണാകുളം ജില്ലയിൽ വെച്ച് നടത്താനും തീരുമാനിച്ച വിവരം അറിയുമല്ലോ. മദ്റസാ, റെയ്ഞ്ച്, ജില്ലാ തലങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതി പ്രവർത്തനങ്ങളിൽ അവശേഷിക്കുന്നവയുടെ സമയബന്ധിത രൂപരേഖ താഴെ ചേർക്കുന്നു. (എല്ലാ പരിപാടികളിലും അറുപതാം വാർഷിക പ്രചാരണം നടത്തേണ്ടതും ബാനർ പ്രദർശിപ്പിക്കേണ്ടതുമാണ്.)

# I ജില്ലകൾ നടപ്പാക്കേണ്ടത്

## 2019 ജനുവരി 15–30

### 1. ജില്ലാ ലീഡേഴ്സ് മീറ്റ്

* സമസ്ത നേതാക്കൾ, ജില്ലയിലെ റെയ്ഞ്ച്, മഹല്ല്, മദ്റസ, സമസ്ത കീഴ്ഘടകങ്ങൾ എന്നിവയുടെ പ്രധാന ഭാരവാഹികളെ സംബന്ധിപ്പിക്കണം.

* കൺവെൻഷനിൽ സ്റ്റേറ്റ് പ്രതിനിധിയുടെ പ്രൊജക്ട് വിശദീകരണം, ബഹുവർണ്ണ കലണ്ടർ വിതരണം, ജില്ലാതല സ്വാഗതസംഘ രൂപീകരണം, **മുഅല്ലിം മൻസിൽ** പ്രഖ്യാപനം എന്നിവ നടത്തണം. ഓരോ കമ്മിറ്റിയും പ്രത്യേക ഫോറം പൂരിപ്പിച്ചു നൽകണം.(ഫോറം ആവശ്യാനുസരണം ഓഫീസ് നൽകും) ഓരോ ജില്ലകളും തിയ്യതിയും സ്ഥലവും നിർണയിച്ച് ഓഫീസിനെ അറിയിക്കണം. സ്റ്റേറ്റ്തല ഉദ്ഘാടനം ജനുവരി 14 എറണാകുളം ജില്ലയിൽ നടക്കും. മാധ്യമങ്ങളിൽ വാർത്ത നൽകണം.

## 2019 ഫെബ്രുവരി 1–10

### 2. ജില്ലാ ഫെസ്റ്റ്

## 2019 ഫെബ്രുവരി 1–28

### 3. മുഅല്ലിം അദാലത്ത്

* പ്രത്യേക തിയ്യതി നിർണയിച്ച് അതാത് ജില്ലകളുടെ നേതൃത്വത്തിൽ മുഅല്ലിംകളുടെ എം.എസ്.ആർ. ശേഖരിച്ച് ഓഫീസുമായി ബന്ധപ്പെട്ട് പരിശോധിച്ച് വിട്ടുപോയ വിഹിത മടച്ചു പദ്ധതി നടപ്പിലാക്കുക. (വിശദമായ സർക്കുലർ ഓഫീസ് വിതരണം ചെയ്യും.)

## 2019 മാർച്ച് 1 – 31

## 4. കിഫായ – കർമ്മ സേവകരെ തയ്യാറാക്കൽ (ജില്ലാതലം)

മദ്റസാ, മഹല്ല് കമ്മിറ്റികളെ സഹായിക്കുന്നതിന് വേണ്ടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാർമികബോധവും സമർപണ സന്നദ്ധതയും ത്യാഗ മനസ്ഥിതിയും ചുറുചുറുക്കുമുള്ള ഡോക്ടർമാർ, വക്കീലുമാർ, രാഷ്ട്രീയ പ്രവർത്തകർ മറ്റു സന്നദ്ധ സേവകർ എന്നിവരെ കണ്ടെത്തി 60 പേരടങ്ങുന്ന ഒരു കൂട്ടായ്മ ജില്ലാതലത്തിൽ രൂപീകരിക്കുക. (പേരും ഫോൺനമ്പറും ശേഖരിച്ചു റജിസ്റ്റർ ചെയ്യണം)

## 2019 മെയ് 20 – 25

## 5 ജില്ലാതല ഖുർആൻ പാരായണ മത്സരം

* റെയ്ഞ്ച് മുഖേന ആവശ്യപ്പെട്ടോ പരസ്യം നൽകിയോ ദർസ്/മദ്റസാ വിദ്യാർത്ഥികൾക്ക് ഖുർആൻ പാരായണ മത്സരം സംഘടിപ്പിക്കുക. 1,2,3 സ്ഥാനക്കാർക്ക് സമ്മാനം നൽകണം. (പരിപാടി ജില്ലാ പരിധിയിലുള്ള പ്രമുഖ വ്യക്തിത്വങ്ങളെയോ ബിസിനസ്-വ്യവസായ പ്രമുഖരെയോ കണ്ടെത്തി സ്പോൺസർ ചെയ്യിക്കാം.)

## 2019 ആഗസ്റ്റ്

## 6 ജില്ലാതല സുവനീർ നിർമാണ മത്സരം

* സമസ്ത, ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസ്ഥാനം, പ്രവർത്തനം, തങ്ങളുടെ ജില്ലാ പ്രവർത്തനം, ഭാരവാഹികൾ, ജില്ലയിലെ മികച്ച സ്ഥാപനങ്ങൾ, മാതൃകാ നേതാക്കൾ, മൺമറഞ്ഞ മഹത്തുക്കൾ-ലഘുവിവരം എന്നിവ അടങ്ങുന്ന ഒരു സുവനീർ ജില്ലാതലത്തിൽ നിർമിച്ചു ലേയൗട്ട് നടത്തി ചെലഴിക്കാൻ കഴിയുന്നത്ര കോപ്പി പ്രിന്റ് ചെയ്തു 4 കോപ്പി മത്സ

രത്തിന് കൗൺസിൽ ഓഫീസിൽ സമർപിക്കണം. ക്രൗൺ 1/4, 18 X 4 വലിപ്പം, 96 -128 പേജ്.

## 2019 സെപ്തംബർ 1 – 30

### 7. വിപണനമേള

* സമ്മേളന-നബിദിന സന്ദേശങ്ങൾ, സമസ്ത, എസ്.കെ. എസ്.എസ്.എഫ്, എസ്.ബി.വി. പതാകാ മാതൃകകൾ പ്രിന്റ് ചെയ്ത പേന, തൊപ്പി, കീചെയിൻ, നോട്ട്ബുക്ക്, വിവിധ ഇനം പൗച്ചുകൾ, ചെറു പ്രസന്റേഷൻ ഇനങ്ങൾ, പോകറ്റ് ദിക്റ് ബുക്ക്, സംഘടനാ പതാകകൾ, സമ്മേളന ലോഗോ പ്രിന്റ് ചെയ്ത ഷാളുകൾ, പേപ്പർ ബാഗ്, കർച്ചീഫ് തുടങ്ങിയവ ജില്ല യിലെ വിവിധ കേന്ദ്രങ്ങളിൽ എത്തിച്ചു ജില്ലയുടെ ഉത്തരവാ ദിത്വത്തിൽ വിതരണം ചെയ്യുക. (ഉദ്ഘാടനം കാസർഗോഡ് ജില്ലയിൽ.)

## 2019 നവംബർ 17

### 8. ഇതര സംസ്ഥാന സംഗമം:

ദക്ഷിണ കന്നഡ, കൊടക്, ചിക്മഗളൂരു, മഹാരാഷ്ട്ര, കൊയമ്പത്തൂർ, കന്യാകുമാരി തുടങ്ങി കേരളത്തിന് പുറ ത്തുള്ള ജില്ലകളിൽ മദ്റസാ, മഹല്ല് കമ്മിറ്റി ഭാരവാഹികൾ, പ്രവർത്തകർ, മുഅല്ലിംകൾ എന്നിവരുടെ സംഗമം സംഘടി പ്പിക്കുക.

## 2019 നവംബർ 17 - 24

### 9. ഇതര സംസ്ഥാന തൊഴിലാളി വിജ്ഞാന സംഗമം

കേരളത്തിൽ തൊഴിലെടുത്ത് കഴിയുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ജില്ലകളെ വിവിധ

മേഖലകളാക്കിത്തിരിച്ച് സംഗമം സംഘടിപ്പിക്കുക. (ഭക്ഷണ സൗകര്യം ഏർപ്പെടുത്തണം.) ഉറുദു അറിയാവുന്നവരെ കൊണ്ട് ഒരു മണിക്കൂർ വീതമുള്ള രണ്ട് ഉത്ബോധന ക്ലാസുകൾ നടത്തുക. വിഷയം: 1. വിശ്വാസവും കർമവും, 2. വൃത്തിയും വർത്തനവും (ശുദ്ധി, സ്വഭാവം, പെരുമാറ്റം)

## 2019 ഡിസംബർ 1 – 30

### 10. കമാനങ്ങൾ

കേരളത്തിനകത്തും പുറത്തുമുള്ള ഓരോ ജില്ലകളിലെയും പ്രധാന പട്ടണങ്ങൾ, ശ്രദ്ധയാകർഷിക്കുന്ന മറ്റു കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സമ്മേളന തിയ്യതി, സ്ഥലം രേഖപ്പെടുത്തിയ പൂർണമോ ഭാഗികമോ ആയ 60 കമാനങ്ങൾ സ്ഥാപിക്കുക.

# II റെയ്ഞ്ചുകൾ നടപ്പാക്കേണ്ടത്

## 2019 മാർച്ച് 1 – 31

### 1. റെയ്ഞ്ച് ലീഡേഴ്സ് മീറ്റ്

* സമസ്ത നേതാക്കൾ, റെയ്ഞ്ചിലെ മുഴുവൻ മുഅല്ലിംകൾ, മദ്റസാ, മഹല്ല് കമ്മിറ്റി ഭാരവാഹികൾ, എസ്.കെ.എസ്.എസ്.എഫ്, എസ്.കെ.എസ്.ബി.വി. എന്നിവയുടെ മുഴുവൻ പ്രവർത്തകർ എന്നിവരെ സംബന്ധിപ്പിക്കണം.

* ജില്ലാ പ്രിതിനിധിയുടെ പദ്ധതി വിശദീകരണം, റെയ്ഞ്ച്തല സ്വാഗതസംഘ രൂപീകരണം ഓരോ മദ്റസാ സമ്മേളനങ്ങളുടെയും തിയ്യതി, സ്ഥലം എന്നിവ നിർണയിക്കണം. (സ്വാഗതസംഘം ഭാരവാഹി ലിസ്റ്റ് നിശ്ചിത ഫോറം പൂരിപ്പിച്ചു ഓഫീസിൽ സമർപിക്കണം). മാധ്യമങ്ങളിൽ വാർത്ത നൽകുക

## 2019 സെപ്തംബർ 1 – 30

### 2. സമ്മേളന പ്രചാരണ പ്രവർത്തനം

* സമ്മേളന പ്രമേയം, ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രവർത്തനങ്ങൾ തുടങ്ങിയവുമായി ബന്ധപ്പെട്ട് പ്രമുഖരുടെ ഓഡിയോ വീഡിയോ ക്ലിപ്പുകൾ തയ്യാർ ചെയ്ത് സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുക, ഫെയ്സ്ബുക്ക് പേജ് ക്രിയേറ്റ് ചെയ്യുക.

* ബാനർ വിതരണം, പ്രധാന കവല, ബസ്സ്റ്റോപ്പ് എന്നിവിടങ്ങളിൽ സമ്മേളന പന്തൽ സ്ഥാപിക്കുക എന്നിവ നടപ്പിലാക്കണം. ചുമരെഴുത്ത് കേന്ദ്രീകൃതമാവണം. ഓരോ ജില്ലയിലെയും അത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവരുമായി ബന്ധപ്പെട്ട് നിർദേശിക്കപ്പെട്ട ഡിസൈൻ അനുസരിച്ച് മാത്രം ചെയ്യേണ്ടതാണ്.

## 2019 ഒക്ടോബർ 1 – 20

### 3. ഗൃഹസന്ദർശനം

സമ്മേളന സന്ദേശ പ്രചാരണവും വിഭവ സമാഹരണമെത്തിക്കലും ലക്ഷ്യംവെച്ച് ഗൃഹസന്ദർശനം നടത്തണം. കൗൺസിൽ തയ്യാറാക്കി നൽകുന്ന സൗജന്യ കൈപുസ്തകം ഏരിയ തിരിച്ച് തെരഞ്ഞെടുക്കപ്പെട്ട മുഅല്ലിംകൾ, മാനേജിങ് കമ്മിറ്റി പ്രതിനിധികൾ മുഖേന വിതരണം ചെയ്യുക. ലഘുവിവരണം നൽകണം. ലഭിക്കുന്ന സംഭാവനകൾ രശീതി നൽകി കൈയ്യോടെ സ്വീകരിക്കുക.)

## 2019 ഡിസംബർ 1

### 4. പതാകാ ദിനം

(ഓരോ മദ്റസാ ഏരിയയിലെയും പ്രധാന കേന്ദ്രങ്ങളിൽ 60 വീതം പതാകകൾ കെട്ടുക.)

## 2019 ഡിസംബർ 8

### 5. എസ്.കെ.എസ്.ബി.വി. പതാകാ റാലി

അറുപത് പതാക ഏന്തിയ വിദ്യാർത്ഥികൾ സമ്മേളന മുദ്രാവാക്യം മുഴക്കി മദ്റസാ പരിധിയിൽ റാലി നടത്തുക

## 2019 ഡിസംബർ 20 – 25

### 6. റെയ്ഞ്ച് റിലേ പദയാത്ര

ക്ലാസ് വിട്ട ശേഷം റെയ്ഞ്ചിലെ മുഴുവൻ മുഅല്ലിംകൾ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, സംഘടനാ പ്രവർത്തകർ എന്നിവർ സൗകര്യമനുസരിച്ച് രണ്ടോ മൂന്നോ ഭാഗമായി തിരിച്ച് മുഴുവൻ മദ്റസാ ഏരിയകളും നാല് ദിവസംകൊണ്ട് കവർ ചെയ്യുന്ന വിധം പതാകയേന്തി പദയാത്ര നടത്തുക.

# III മദ്റസകളിൽ നടപ്പാക്കേണ്ടത്

## 2019 ഏപ്രിൽ 10 – 20

### 1. മദ്റസ സമ്മേളനം

* മഹല്ലിലെ മുഴുവൻ ജനങ്ങളെയും സംബന്ധിപ്പിക്കണം.

* 'വിശ്വശാന്തിക്ക് മതവിദ്യ' അബ്ദുസ്സമദ് പൂക്കോട്ടൂരിന്റെ പ്രസംഗം കേൾപിക്കുക.

* പ്രത്യേകം തയ്യാറാക്കിയ ലഘുപുസ്തകം വിതരണം ചെയ്യുക.

* മുദരിബുമാർ/പരിശീലനം സിദ്ധിച്ചവർക്ക് വിഷയം നൽകി ഒരു മണിക്കൂർ വീതമുള്ള രണ്ട് ക്ലാസ് (ക്ലാസ് 1 തസ്കിയത്ത്, 2. സംഘടന–ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രവർത്തനം) നടത്തണം.

## 2019 മെയ് 8 – 20

### 2. ഖുർആൻ, തജ്‌വീദ്– പഠനം

* ഓരോ മദ്റസാ പരിധിയിലുള്ള ബഹുജനങ്ങളെയും വിദ്യാർത്ഥികളെയും സംഘടിപ്പിച്ചു റമളാനിലെ പ്രഥമ പത്തു ദിവസം തജ്‌വീദനുസരിച്ചുള്ള ഖുർആൻ പാരായണ പരിശീലനം സംഘടിപ്പിക്കുക.

* രണ്ടാമത്തെ പത്ത്: നന്മ പാഠശാല  തസ്കിയത്ത് ക്യാമ്പ് നടത്തുക. (എസ്.കെ.എസ്.എസ്.എഫ്. ഇബാദ്, ട്രന്റ്, ഹാദിയ എന്നിവയുടെ സഹകരണത്തോടെ  സംസ്കരണ-വിജ്ഞാന ക്യാമ്പ് സംഘടിപ്പിക്കുക. വേണമെങ്കിൽ ഫീസ് ഏർപെടുത്താം)

## 2019 മെയ് 10 - 25

### 3. റിലീഫ് പ്രവർത്തനം

* എസ്.എം.എഫ്, എസ്.വൈ.എസ്, എസ്.കെ.എസ്.എസ്.എഫ്. മറ്റു അനുഭാവ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് ഓരോ മദ്റസാ പരിധിയിലുമുള്ള പാവപ്പെട്ട കുടുംബത്തെ കണ്ടെത്തി പെരുന്നാൾ ദിവസത്തെ/ റമളാൻ മാസത്തെ ജീവിത വൃത്തിക്കു കിറ്റ് സമ്മാനിക്കുക. രോഗത്താൽ വിഷമിക്കുന്ന പാവങ്ങൾക്ക് മരുന്നെത്തിക്കുക. ആലംബഹീനരായ കുട്ടികൾക്ക് പെരുന്നാൾ വസ്ത്രം സമ്മാനിക്കുക തുടങ്ങിയ റിലീഫ് പ്രവർത്തനം നടത്തുക.

* എസ്.കെ.എസ്.ബി.വി.യുടെ കീഴിൽ പെരുന്നാൾ ദിനത്തിൽ സ്നേഹ - സൗഹൃദ കൈമാറ്റം (സമ്മേളന, പെരുന്നാൾ സന്ദേശം രേഖപ്പെടുത്തിയ കാർഡും മിഠായിയും)

## 2019 ജൂൺ 15

### 4. മിഹ്റജാനുൽ ബിദായ (മദ്റസാ പ്രവേശന പരിപാടി)

* മദ്റസ തുറക്കുന്നതോടനുബന്ധിച്ച് നവാഗതർക്ക് സ്വാഗതമാശംസാ ബാനർ വെക്കുക, സമ്മേളന ബാനർ സ്ഥാപിക്കുക, പരിസരം വൃത്തിയാക്കുക, ബലൂൺ, കൊടി തോരണങ്ങൾ തൂക്കി സ്ഥാപനം അലങ്കരിക്കുക, സൗജന്യ പഠനോപകരണം, മധുര പലഹാരം തുടങ്ങിയവ വിതരണം ചെയ്യുക.

* തൊട്ട് മുൻവർഷത്തെ 5,7,10,12 ക്ലാസുകളിൽ ടോപ് പ്ലസ് വിജയകളായ മദ്റസാ വിദ്യാർത്ഥികളെ അതേ ദിവസം ആദരിക്കൽ ചടങ്ങ് സംഘടിപ്പിക്കുക. (സമ്മാനങ്ങൾ സ്പോൺസർ ചെയ്യിക്കാം)

## 2019 ജൂലൈ 25

### 5. ഹജ്ജാജികൾക്ക് യാത്രയയപ്പ്

* മഹല്ല്, മദ്റസാ പരിധിയിൽ നിന്ന് പരിശുദ്ധ ഹജ്ജ് കർമ ത്തിന് പോകുന്നവർക്ക് യാത്രയയപ്പ് സംഘടിപ്പിക്കുക.

## 2019 ആഗസ്റ്റ് 15

### 6. സ്വാതന്ത്ര്യദിന പുലരി

* സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് മദ്റസകളിൽ ദേശീയ പതാക നിയമാനുസൃതമായി ഉയർത്തുക. പ്രത്യേക പരിപാടി സംഘടിപ്പിക്കുക. പരിപാടിയിൽ സ്വാതന്ത്ര്യ സേനാ നികളെ പരിചയപ്പെടുത്തി പ്രഭാഷണം സംഘടിപ്പിക്കുക. മധുര പലഹാര വിതരണം നടത്തുക.

### 7. സുപ്രഭാതം ക്ലബ് രൂപീകരണം

സുപ്രഭാതം കാമ്പയിൻ കാലത്ത് തന്നെ മുഴുവൻ മദ്റസ കളിൽ സുപ്രഭാതം ക്ലബ്ബ് രൂപീകരിക്കണം. ക്ലബ്ബ് പ്രവർത്തന ങ്ങൾ നേരത്തെ പഠിച്ചു ദീനീ വിരുദ്ധമല്ലാത്തവിധം പ്രാവർത്തികമാക്കണം. (കാമ്പയിൻകാലം ബന്ധപ്പെട്ടവരിൽ നിന്നും അറിയിപ്പുണ്ടാകുന്നതാണ്.)

## 2019 സെബ്തംബർ 29 ഞായർ

### 8. മുഅല്ലിം ഡേ

* സിയാറത്ത്: മദ്റസാ പരിധിയിലെ മഹല്ല് ഖബ്ർസ്ഥാൻ.

*** കുടുംബ സംഗമം:** ഒരു മണിക്കൂർ വീതം രണ്ട് ഉത്ബോ ധന ക്ലാസുകൾ. 1. തസ്കിയത്ത്, 2. ആദർശം, ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രവർത്തനങ്ങൾ, സമ്മേളന പ്രമേയ വിശദീകര

ണം എന്നിവ നടത്തണം.

* **ആദരിക്കൽ:** കൂടുതൽ കാലം മദ്റസാ മഹല്ല് ഭാരവാഹികളായി സേവനം ചെയ്ത 60 വയസ്സ് കഴിഞ്ഞ-മുതിർന്ന പൗരന്മാരെ ഉപകാരപ്പെടുന്ന വസ്തു സമ്മാനം നൽകി ആദരിക്കൽ.

* **മജ്‌ലിസുന്നൂർ, ബുർദ ആലാപനം, ദിക്ർ-ദുആ:** (പ്രാദേശികരായ പ്രമുഖരെ സംബന്ധിപ്പിക്കണം. അവസാനം മധുര പാനീയം വിതരണം ചെയ്യണം)

## IV സംസ്ഥാനതലത്തിൽ നടപ്പാക്കേണ്ടത്

### 2019 ഫെബ്രുവരി 15,16,17

### 1. സംസ്ഥാന ഇസ്‌ലാമിക് ഫെസ്റ്റ്

### 2019 മാർച്ച് 26

### 2. പെൻഷനേഴ്‌സ് സംഗമം (സംസ്ഥാനതലം)

ഇപ്പോൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന മുഅല്ലിംകളെ പാണക്കാട് ഓഡിറ്റോറിയത്തിലേക്ക് ക്ഷണിച്ചുവരുത്തി ആദരിക്കുക. ഒരു ജോഡി വെള്ള ഡ്രസ്സും ഏപ്രിൽ മാസത്തെ പെൻഷനും അവിടെവെച്ച് വിതരണം ചെയ്യും. റെയ്ഞ്ചുകളുടെ പെൻഷൻ വിഹിതം (12,000 രൂപ) അന്ന് എത്തിക്കണം. കൂടുതൽ പെൻഷൻ വിഹിതം എത്തിക്കുന്ന 1,2,3 സ്ഥാനക്കാർക്ക് സംസ്ഥാനതലത്തിൽ ഉപഹാരം നൽകുന്നതാണ്. ഓരോ റെയ്ഞ്ചുകളും തങ്ങളുടെ റെയ്ഞ്ചിലെ ഉദാരമതികളും പ്രധാനികളുമായ 10 പേരെ ഈ സംഗമത്തിലേക്ക് എത്തിക്കണം. ഉദ്ഘാടനം ബഹു. സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ നിർവ്വഹിക്കും.

### 2019 ജൂലായ് 31

### 3. സംസ്ഥാന സാരഥീസംഗമം

* മുഅല്ലിം ഓഡിറ്റോറിയം ഉദ്ഘടാനം. തദ്‌രീബ് പുതിയ പദ്ധതി വിശദീകരണം. സർക്കുലർ വിതരണം, മാതൃകാ, സുവർണ സേവന അവാർഡ് വിതരണം, സമ്മേളനത്തിന്റെ മുന്നോടിയായി തയ്യാറാക്കിയ പുസ്തക പ്രസാധനം എന്നിവ നടത്തണം.

## 2019 ഒക്ടോബർ

### 4. ഗ്ലോബൽ എജുക്കേഷണൽ മീറ്റ്

ജി.സി.സി.യിലെ മദ്റസാ, റെയ്ഞ്ച് കമ്മിറ്റികൾ സമസ്ത യുടെ കീഴ്ഘടകങ്ങൾ, അനുഭാവമുള്ള സന്നദ്ധ സംഘടന കൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ഭാരവാഹി കൾ, മുഅല്ലിംകൾ, ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന പണ്ഡിതന്മാർ, മറ്റു നേതാക്കൾ എന്നിവരെ സംബന്ധിപ്പിച്ചു കൊണ്ട് കഴിയുന്നത്ര സംഗമങ്ങൾ സംഘടിപ്പിക്കുക.

## 2019 ഡിസംബർ 1 – 8

### 5. മേഖലാജാഥ

* തെക്കൻ മേഖല: കന്യാകുമാരിയിൽനിന്നു തുടങ്ങി തിരു വനന്തരപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി വഴി എറണാകുളം ജില്ലയിൽ സമാപനം.

* വടക്കൻ മേഖല. മംഗലാപുരത്ത് നിന്ന് തുടങ്ങി (ചിക്മ ഗളുരു, കൊടക് പ്രതിനിധികൾ ഉള്ളാൾ ദർഗയിൽ എത്തി ജാഥയെ അനുഗമിക്കണം) കാസർകോഡ്, കണ്ണൂർ, വയനാ ട് (നീലഗിരി പ്രതിനിധി വയനാട് വെച്ച് ജാഥയെ അനുഗമി ക്കണം), കോഴിക്കോട്, മലപ്പുറം ഈസ്റ്റ്, വെസ്റ്റ്, പാലക്കാട്, തൃശൂർ വഴി എറണാകുളം ജില്ലയിൽ സമാപനം.

## 2019 ഡിസംബർ 20 – 30

### 5. ലൈറ്റ് ഓഫ് മദീന

തെക്കൻ ജില്ലകളിലുള്ള മദ്റസാ മഹല്ല് പ്രവർത്തകർക്ക് വീക്ഷിക്കാൻ സൗകര്യപ്പെടുന്ന വിധം സമ്മേളനത്തിന്റെ ഭാഗ മായി ലൈറ്റ് ഓഫ് മദീന മോഡൽ മദ്റസാ മഹല്ല് പ്രവർത്തനം ആകർഷകമായി വ്യക്തമാക്കുന്ന ഓഡിയോ വീഡോയോ പരിപാടി സംഘടിപ്പിക്കുക.

## 2019 ഡിസംബർ 25, 26

### 6. പതാകാ ജാഥ

(അസ്റിന് ശേഷം സമ്മേന നഗരിയിൽ ഉയർത്താനുള്ള ഓരോ പതാക വീതം അറുപത് മൺമറഞ്ഞ മഹത്തുക്കളുടെ മഖ്ബറകളിൽ നിന്ന് സിയാറത്ത് നടത്തി ഡിസംബർ 26ന് രാത്രി 8 മണിക്ക്  സമ്മേളന നഗരിയിൽ എത്തിച്ചേരുംവിധം യാത്ര പുറപ്പെടുക. കഴിയുന്നത്ര പ്രവർത്തകരും വാഹനങ്ങളും പതാകാ ജാഥയെ അനുഗമിക്കണം.)

## 2019 ഡിസംബർ 27 വെള്ളി

### 7. പതാക ഉയർത്തൽ

(സമസ്തയുടെ അറുപത് പതാകകൾ. സമസ്ത മുശാവറ, സംഘടനാ നേതാക്കൾ, മറ്റു പ്രമുഖർ തുടങ്ങി അറുപത് പേർ ചേർന്ന് നേരത്തെ തയ്യാറാക്കിയ കൊടിമരത്തിൽ ഉയർത്തുക.)

### 8. മജ്ലിസുന്നൂർ

സമ്മേളന നഗരി. ജില്ലയിലെ പ്രവർത്തകർ, സമ്മേളനത്തിനെത്തിയവർ എന്നിവർക്കു പുറമെ സമീപവാസികളെ നിർബന്ധമായും സംബന്ധിപ്പിക്കണം.)

## 2019 ഡിസംബർ 28

### 9. മുഅല്ലിം പ്രതിനിധി ക്യാമ്പ്:

(10,000 പ്രതിനിധികളെ പങ്കെടുപ്പിക്കണം. ഒരു മാസം മുമ്പെ ഓൺലൈൻ വഴി ഫോട്ടോ സഹിതം റജിസ്റ്റർ ചെയ്യണം. പിന്നീട് ഡൗൺലോഡ് ചെയ്തെടുത്ത പ്രതിനിധി കാർഡുമായിട്ടാണ് അംഗങ്ങൾ ക്യാമ്പിലെത്തേണ്ടത്.

## 10. ആദരം

*** സ്റ്റാഫ് ആദരം:** SKJMCC അറുപത് വയസ്സ് പൂർത്തിയായ കൂടുതൽ സർവ്വീസുള്ളവരെ സമ്മേളന ക്യാമ്പിൽ വെച്ച് ആദരിക്കുക.

*** സ്റ്റാഫ് ആദരം:** SKIMVB അറുപത് വയസ്സ് പൂർത്തിയായ കൂടുതൽ സർവ്വീസുള്ള മൂന്നുപേരെ സമ്മേളന ക്യാമ്പിൽ വെച്ച് ആദരിക്കുക.

*** മുഫത്തിശ് ആദരം:** അറുപത് വയസ്സ് പൂർത്തിയായ കൂടുതൽ സർവ്വീസുള്ള മുഫത്തിശ്, ഖാരിഅ്, ട്യൂട്ടർ മൂന്നുപേരെ സമ്മേളന ക്യാമ്പിൽ വെച്ച് ആദരിക്കുക.

*** ഗ്രാറ്റിവിറ്റി വിതരണം:** മാനദണ്ഡം നിർണയിച്ച് തെരഞ്ഞെടുക്കപ്പെട്ട 60 മുഅല്ലിംകൾക്ക് സമ്മേളന ക്യാമ്പിൽവെച്ച് തുക വിതരണം ചെയ്യുക.

# 2019 ഡിസംബർ 29

## 11. പൊതുജന ക്യാമ്പ്

സമ്മേളന നഗറിൽ സന്നിഹിതരായവർക്കെല്ലാം പങ്കെടുക്കാം.

## 12 ട്രോഫി വിതരണം

മുഅല്ലിം പ്രബന്ധം, സുവനീർ നിർമാണം, തിസീസ് തയ്യാറാക്കൽ എന്നീ മത്സരങ്ങളിൽ വിജയികളായവർക്കുള്ള ട്രോഫി/ക്യാഷ് അവാർഡ് വിതരണം.

## 13 പൊതുസമ്മേളനം

എറണാകുളം